# *പീഡാനുഭവത്തിന്റെ തലേനാളുകൾ: 3/3*

**(പ്രൊഫസ്സർ ജോയ് ടി. കുഞ്ഞാപ്പു, *D.Sc., Ph.D.*)**

## പിലാത്തോസിന്റെ പത്രിക

1

കാൽക്കഴുകൽ ശുശ്രൂഷ കഴിഞ്ഞ്
കൈക്കഴുകൽ വചനാരവം:
വാളെടുത്തോൻ വാളാലെന്നും
വിധിച്ചോൻ വിധിപ്പകർപ്പെന്നും
ഉറക്കുസ്വപ്നത്തിൽ തിരിച്ചറിഞ്ഞിട്ടും
രണ്ടു വിപ്ലവകാരികൾക്കു നടുവിൽ
പകലോന്റെ ഉച്ചിയിൽ നിണം ചൊരിഞ്ഞ്
കഴുത്തു വലത്ത് ചെരിച്ചു തൂങ്ങാൻ
ന്യായപ്പഴമ പ്രസ്താവന ഒപ്പാക്കി
പടിയിറങ്ങും വിധികർത്താവിനെ
പിന്തുടർന്ന പത്രക്കാരനോടോതി:
"ഇന്നലെ എനിക്കു വെളിവുണ്ടായി —
കൈകഴുകാൻ വെള്ളമൊഴിച്ച കോപ്പ
തട്ടിത്തെറിപ്പിച്ചു ക്രിസ്തുരാജനെ
ബറാബ്ബാസിനൊപ്പം വെറുതെ വിട്ടാൽ
നടുവിലെ കുരിശിൽ തൂങ്ങുകയാരെന്ന്...!"

2

കാലങ്കഴിഞ്ഞ് രാഷ്ട്രതന്ത്രർ
കഥയുടെ പൊരുൾസത്ത
കാര്യസ്ഥ കൈപ്പുസ്തകത്തിൽ
അഞ്ചാമദ്ധ്യായമേഴാംഖണ്ഡമായ്
സുവർണ്ണലിപിയിൽ എഴുതിച്ചേർത്തു!

*****************************************************************